LIBRARY ARCHIVES Kerala Legislative Assembly

വലപ്പാട് ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ്

99(2968) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് ശ്രീരാമ ഗവ. പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള L1/38219/14 നമ്പർ ഫയൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ഉടൻ അനുവദിച്ച് ഉത്തരവാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ-യുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ഫയൽ പ്രകാരം പുതുതായി ആട്ടോമൊബൈൽ കോഴ്സ് ആരംഭിക്കുന്നതിനു എ.ഐ.സി.റ്റി.-യ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എ.ഐ.സി.റ്റി.-യുടെ അംഗീകാരം ലഭിച്ച ശേഷമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവൂ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തുല്യത സർട്ടിഫിക്കറ്റ്

100(2970) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നേടിയവർക്ക് തുല്യത സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ലാറ്ററൽ എൻട്രി സ്കീംവഴി പോളി ഡിപ്ലോമ നേടിയവർക്ക് ഇവിടത്തെ പോളിടെക്നിക്കിന് തുല്യമായ സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നുണ്ടോ; മുമ്പ് ഇവ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷം വരെയാണ് ഇത്തരം തുല്യത സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുള്ളത്;

(സി) തമിഴ്നാട്ടിലെ പോളിടെക്നിക്കുകളിൽനിന്ന് ഡിപ്ലോമ, ലാറ്ററൽ എൻട്രി സ്കീമിൽ പൂർത്തിയാക്കിയവർക്ക് ഇവിടത്തെ ഡിപ്ലോമക്കാർക്ക് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.

(ബി) ജി.ഒ.(എംഎസ്.)നമ്പർ 56/2014/ഉ.വി.വ. തീയതി 31-1-2014 സർക്കാർ ഉത്തരവിന് മുമ്പ് അന്യസംസ്ഥാനങ്ങളിൽനിന്നും ലാറ്ററൽ എൻട്രി വഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) ജി.ഒ.(എംഎസ്.)നമ്പർ 455/2014/ഉ.വി.വ. തീയതി 9-7-2014, ജി.ഒ. (എംഎസ്.)നമ്പർ 42/2015/ഉ.വി.വ. തീയതി 7-2-2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അന്യസംസ്ഥാനങ്ങളിൽനിന്നും ലാറ്ററൽ എൻട്രിവഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് സാങ്കേതിക പരീക്ഷാ വിഭാഗം നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പാസായാൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ

101(2976) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ തസ്തികയായ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ രണ്ട് വർഷത്തിൽ കൂടുതലായി നടക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ട്രേഡ് ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള സർവ്വീസ് റൂളിലെ അപാകതകൾ പരിഹരിച്ച് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

GPM. 2/241/2020-20

LIBRARY ARCHIVES Kerala Legislative Assembly